"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഉണ്ണികുളം ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ.ഫിറോസ് ബാബു.ടി.കെ സമർപ്പിച്ച അപ്പീൽ അപേക്ഷ - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.459/2022/LSGD തീയതി,തിരുവനന്തപുരം, 25-02-2022

---

പരാമർശം:-

1. കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.03.2020 ലെ എ6-6524/2018 നമ്പർ ഉത്തരവ്.
2. ശ്രീ.ഫിറോസ് ബാബു ടി.കെ സമർപ്പിച്ച 23.03.2020ലെ അപ്പീൽ അപേക്ഷ
3. പഞ്ചായത്ത് ഡയറക്ടറുടെ 14.10.2020-ലെ PAN/22482/2018 - D1(DP) നമ്പർ നടപടിക്രമങ്ങൾ.
4. ശ്രീ.ഫിറോസ് ബാബു ടി.കെ സർക്കാരിൽ സമർപ്പിച്ച 15.12.2020ലെ രണ്ടാം അപ്പീൽ അപേക്ഷ.
5. പഞ്ചായത്ത് ഡയറക്ടറുടെ 23.02.2021-ലെ PAN/22482/2018 - D1(DP) നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരവേ ശ്രീ.ഫിറോസ് ബാബു ടി.കെക്കെതിരെ കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (1) ഉത്തരവ് പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചിരുന്നു. ടി അച്ചടക്ക നടപടിക്കെതിരെ ടിയാൻ പരാമർശം(2) പ്രകാരം അപ്പീൽ സമർപ്പിക്കുകയും, ടി അപ്പീൽ പരാമർശം (3) നടപടിക്രമം പ്രകാരം പഞ്ചായത്ത് ഡയറക്ടർ നിരസിക്കുകയും ചെയ്തിരുന്നു. തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) നടപടി ക്രമത്തിനെതിരെ പരാമർശം (4) പ്രകാരം ടിയാൻ സർക്കാരിൽ രണ്ടാം അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ അപേക്ഷയിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ടിൽ ചുവടെ കുറിക്കും പ്രകാരം അറിയിച്ചിട്ടുണ്ട്.

ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരവേ ശ്രീ.ഫിറോസ് ബാബു ടി.കെ ഓഫീസിൽ വരുന്ന പൊതുജനങ്ങളോട് മോശമായി പെരുമാറിക്കൊണ്ടിരിക്കുകയും, ആയത് കാരണം പഞ്ചായത്തിനും, ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കിടയിൽ അവമതിപ്പുണ്ടാകുകയും, പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ നേരിട്ടും സെക്രട്ടറി മുഖാന്തിരവും ടിയാന് കൊടുക്കുന്ന നിർദ്ദേശങ്ങൾ നിരന്തരമായി ലംഘിക്കുകയും

പ്രസിഡന്റിനെ അനുസരിക്കേണ്ട ബാധ്യത തനിക്കില്ലെന്നും, പഞ്ചായത്ത് ഭരണ സമിതിയോടും മെമ്പർമാരോടും മോശമായി പെരുമാറുകയും, സമൂഹമാധ്യമങ്ങളിൽ ഉൾപ്പെടെ മെമ്പർമാരെയും രാഷ്ട്രീയക്കാരെയും നിരന്തരമായി മോശമായി ചിത്രീകരിച്ചുകൊണ്ട് പ്രചാരണം നടത്തുകയും ചെയ്തിരുന്നുവെന്നും, ടിയാന് കർശന താക്കീത് നൽകിയിട്ടും ധിക്കാരപൂർവ്വം നിർദ്ദേശങ്ങൾ ടിയാൻ ലംഘിക്കുകയാണ് ചെയ്യുന്നതെന്നും, ഒരു ജീവനക്കാരൻ പുലർത്തേണ്ട പെരുമാറ്റച്ചട്ടങ്ങളുടെ ലംഘനമാണ് ടിയാൻ നിരന്തരം നടത്തിക്കൊണ്ടിരുന്നതെന്നും, അതേ സമയം തന്നെ 25/05/2018-ന് ഉച്ചയ്ക്ക് 2.30-ന് ഫ്രണ്ട് ഓഫീസിൽ വന്ന ഒരു സ്ത്രീയോട് "ഷൗട്ട്" ചെയ്യുന്ന രീതിയിൽ സംസാരിച്ച വിഷയം അന്വേഷിച്ച ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനോട് അപമര്യാദയായി പെരുമാറുകയും, സഭ്യമല്ലാത്ത രീതിയിൽ സംസാരിച്ചുവെന്നും ഇക്കാര്യങ്ങൾ എല്ലാംതന്നെ ടി ഉദ്യോഗസ്ഥൻ സർവ്വീസിൽ തുടരുന്നത് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രയാസം സൃഷ്ടിക്കുന്നതാണെന്നും, കൂടാതെ ടിയാനെതിരെ നടത്താനുദ്ദേശിക്കുന്ന അന്വേഷണത്തെ തടസ്സപ്പെടുത്തും എന്നുള്ളതിനാൽ ഉണ്ണികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26/05/18 ലെ എ4-4390/18 നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ഫിറോസ് ബാബുവിനെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥന്മാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ റൂൾ 8(1) പ്രകാരം 26.05.18 അപരാഹ്നം മുതൽ പ്രസിഡന്റ് സസ്പെൻഡ് ചെയ്ത് ഉത്തരവാകുകയുണ്ടായി.

തുടർന്ന് 1997-ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥന്മാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ റൂൾ 10 പ്രകാരം ഇക്കാര്യത്തിൽ ഉചിതമായ അച്ചടക്ക നടപടി കൈക്കൊള്ളുന്നതിനും ടിയാനെ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിലേയ്ക്ക് മാറ്റി നിയമിക്കുന്നതിനും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. തുടർന്ന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ടിയാനെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കുകയും താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ പുനർനിയമനം നൽകുകയും ഉണ്ടായി. ശ്രീ.ഫിറോസ് ബാബുവിനെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിലും, ഈ വിഷയത്തിൽ പ്രസിഡന്റിന്റെ കത്ത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, ടിയാൻ ഉണ്ണികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിർദ്ദേശങ്ങൾ അവഗണിക്കുകയും, പൊതുജനങ്ങളോട് അപമര്യാദയായി പെരുമാറുകയും ചെയ്തുവെന്ന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ബോധ്യപ്പെടുകയും പ്രസ്തുത കുറ്റങ്ങൾ മുൻനിർത്തി ശ്രീ. ഫിറോസ് ബാബുവിന് കുറ്റാരോപണ മെമ്മോ നൽകി ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തിരുന്നു.

പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.ഫിറോസ് ബാബു സമർപ്പിച്ച എതിർവാദപത്രികയിന്മേൽ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ലഭ്യമാക്കിയ അഭിപ്രായ റിപ്പോർട്ട് പ്രകാരം കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾക്ക് വ്യക്തമായ മറുപടി കുറ്റാരോപിതൻ ബോധിപ്പിച്ചിട്ടില്ലെന്നും, കുറ്റാരോപണ മെമ്മോയ്ക്ക് മറുപടി സമർപ്പിക്കുന്നതിനായി ടിയാന്റെ അപേക്ഷ പ്രകാരം ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ ഫയലുകൾ പരിശോധിക്കുന്നതിന് ഉണ്ണികുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 15.10.2019-ൽ അവസരം നൽകിയെങ്കിലും ടിയാൻ ഗ്രാമപഞ്ചായത്തിൽ ഹാജരായി ഫയൽ പരിശോധിച്ചിട്ടില്ലെന്നും ആരോപണങ്ങൾക്ക് വ്യക്തമായ വിശദീകരണം ബോധിപ്പിക്കുകയോ, ആരോപണങ്ങൾ നിഷേധിക്കുകയോ ചെയ്തിട്ടില്ലായെന്നും, മറിച്ച് മറ്റ് പല കാര്യങ്ങളും വിശദീകരിക്കുകയാണ് ഉണ്ടായതെന്നും, ആയതിനാൽ ടിയാന്റെ വിശദീകരണം തൃപ്തികരമല്ലെന്നും, ഇനിയുള്ള സേവന കാലയളവിൽ ഇപ്രകാരം പെരുമാറ്റ ദൂഷ്യങ്ങൾ ടിയാന്റെ ഭാഗത്തുനിന്നും

ഉണ്ടാകരുതെന്ന കർശന താക്കീതോടെ "സെൻഷർ" നൽകി അച്ചടക്ക നടപടി പരാമർശം (1) ഉത്തരവ് പ്രകാരം തീർപ്പാക്കി ഉത്തരവായിരുന്നു.

കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.03.2020 ലെ എ6-6524/2016 നമ്പർ ഉത്തരവിനെതിരെ ശ്രീ.ഫിറോസ് ബാബു സമർപ്പിച്ച അപ്പീൽ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ വിശദമായി പരിശോധിക്കുകയും, ശ്രീ.ഫിറോസ് ബാബു ടിയാന്റെ അപ്പീൽ അപേക്ഷയിൽ അച്ചടക്ക നടപടി തീർപ്പാക്കികൊണ്ടുളള ഉത്തരവിനെ അല്ല മറിച്ച് സസ്പെൻഷനിലേക്ക് നയിച്ച വിഷയങ്ങളെ കുറിച്ചുളള വാദഗതികളാണ് ഉന്നയിച്ചിരിക്കുന്നത് എന്നും 1999 ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥന്മാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ റൂൾ 8 (1) പ്രകാരമാണ് ടിയാനെ പ്രസിഡന്റ് സസ്പെൻഡ് ചെയ്തിരിക്കുന്നത് എന്നും സസ്പെൻഷൻ ഉത്തരവ് നൽകുന്നതിന് മുൻകൂർ നോട്ടീസ് നൽകണമെന്ന് ഈ റൂളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ് എന്നും കൂടാതെ ടിയാന്റെ അപ്പീൽ ഹർജി അച്ചടക്ക നടപടി അന്തിമമാക്കിയ ഉത്തരവിനെതിരെയാണ് എന്നും മറിച്ച് സസ്പെൻഷൻ ഉത്തരവിലെ പരാമർശങ്ങൾക്ക് എതിരായ വാദങ്ങൾ ഈ ഘട്ടത്തിൽ നിലനിൽക്കുന്നതല്ല എന്നും കൂടാതെ സസ്പെൻഷൻ നടപടി പഞ്ചായത്ത് ഭരണസമിതി ഐകകണ്ഠേനയാണ് അംഗീകരിച്ചിട്ടുളളത് എന്നും ഈ സാഹചര്യത്തിൽ ടിയാന്റെ വാദങ്ങൾ നിലനിൽക്കുന്നതല്ലെന്നും വിവക്ഷിക്കുന്നുണ്ട്. അപേക്ഷകനെ 15.09.2020-ന് zoom app മുഖാന്തരം നേരിൽ കേൾക്കുന്നതിന് തീരുമാനിക്കുകയും ടിയാനെ നേരിൽ കേട്ട വേളയിൽ അപ്പീൽ അപേക്ഷയിൽ പറഞ്ഞതിൽ കൂടുതലായി ഒന്നും ബോധിപ്പിക്കാൻ ഇല്ലെന്നറിയിക്കുകയും തുടർന്ന് കുറ്റാരോപണ മെമ്മോയിൽ അപേക്ഷകനെതിരായി ഉന്നയിച്ചിട്ടുളള ആരോപണങ്ങൾ അടിസ്ഥാനമാക്കിയാണ് അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുളളത് എന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അപ്പീൽ അപേക്ഷയിൽ അപേക്ഷകൻ ഉന്നയിച്ചിട്ടുളള വാദഗതികൾക്ക് അനുസൃതമായ തെളിവുകൾ ഹാജരാക്കുന്നതിനോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവിലെ വാദങ്ങൾ ഖണ്ഡിക്കുന്നതിനോ അപേക്ഷകന് കഴിഞ്ഞിട്ടില്ല എന്നും ആയതുകൊണ്ടുതന്നെ പ്രസ്തുത അച്ചടക്ക നടപടിയിലേക്ക് നയിച്ച കുറ്റകൃത്യങ്ങൾ നിലനിൽക്കുന്നുവെന്നും അപേക്ഷകന്റെ സസ്പെൻഷനിലേക്ക് നയിച്ച കാരണങ്ങൾ വിലയിരുത്തുകയും കൃത്യമായ നടപടിക്രമം പാലിച്ച് കേസിന്റെ യോഗ്യത വിലയിരുത്തിയാണ് അച്ചടക്ക നടപടി തീർപ്പാക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉത്തരവ് ആയിട്ടുളളതെന്നതിനാലും, അപ്പീൽ അപേക്ഷകന്റെ വാദങ്ങൾ ഒന്നും നിലനിൽക്കാത്തതിനാൽ ശ്രീ.ഫിറോസ് ബാബു ടി.കെയുടെ അപ്പീൽ ഹർജി നിരസിച്ച് ഉത്തരവായിരുന്നു എന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സസ്പെൻഷൻ പിൻവലിച്ച് പുനർ നിയമനം നല്കണമെന്നപേക്ഷിച്ച് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ ശ്രീ.ഫിറോസ് ബാബു ടി.കെ. സമർപ്പിച്ച ഹർജി സ്പഷ്ടീകരണത്തിനായി പഞ്ചായത്ത് ഡയറക്ടറേറ്റിലേയ്ക്ക് കൈമാറിയിരുന്നു. ടിയാനെ സസ്പെൻഡ് ചെയ്തത് ഉണ്ണികുളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയായതിനാൽ ടിയാനെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കേണ്ടതും ടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയാണെന്നും, ടിയാനെതിരെ കഠിന ശിക്ഷക്കുളള അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുണ്ടെങ്കിൽ 1997-ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ 10 പ്രകാരം നിയമന

അധികാരിയോട് ശുപാർശ ചെയ്യാനും ലഘു ശിക്ഷയാണ് നല്കാൻ ഉദ്ദേശിക്കുന്നത് എങ്കിൽ ഗ്രാമപഞ്ചായത്തിൽ നിന്നു തന്നെ അച്ചടക്ക നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ ഉണ്ണികുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ആയതിൻപ്രകാരം റൂൾ 10 പ്രകാരം അന്വേഷണ റിപ്പോർട്ടും, പഞ്ചായത്ത് ഭരണസമിതി തീരുമാനവും തുടർ നടപടികൾക്കായി ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ നിന്നും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലേയ്ക്ക് അയച്ചു കൊടുക്കുകയും തുടർന്ന്, ടിയാന്റെ സസ്പെൻഷൻ പിൻവലിച്ചിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ തന്റെ സസ്പെൻഷൻ പിൻവലിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൻ നൽകിയ അപേക്ഷയ്ക്ക് പരിഗണന ലഭിച്ചില്ലെന്ന ടിയാന്റെ വാദം നിലനിൽക്കുന്നതല്ല എന്നും പഞ്ചായത്തിലെ നികുതി പിരിവ് സംബന്ധിച്ച ടിയാന്റെ വാദങ്ങൾ പരിഗണനാർഹമാണ് എന്നും എന്നിരുന്നാലും കുറ്റാരോപണ മെമ്മോയിലെ ആരോപണങ്ങൾക്ക് അത് ന്യായീകരണമാകുന്നില്ല എന്നും ടിയാന്റെ സേവനപുസ്തകം പരിശോധിച്ചതിൽ നിന്നും മുൻകാല സേവന കാലയളവിൽ അച്ചടക്ക നടപടി നേരിട്ടിട്ടില്ല എന്ന് വ്യക്തമായ സാഹചര്യത്തിലാണ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും അപേക്ഷകനെതിരെ ടിയാന് സെൻഷർ നൽകി അച്ചടക്ക നടപടി തീർപ്പാക്കുകയുണ്ടായതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

സസ്പെൻഷൻ നടപടിക്രമത്തിന് ശേഷം റൂൾ 10 പ്രകാരം അന്വേഷണ റിപ്പോർട്ട് നിയമനാധികാരിക്ക് അയച്ചു നൽകുകയും നടപടി ക്രമങ്ങൾ പാലിച്ചു ടി ഓഫീസ് തലത്തിൽ കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. നടപടിക്രമങ്ങൾ പാലിച്ചില്ലായെന്ന ടിയാന്റെ വാദങ്ങൾ നിലനിൽക്കുന്നതല്ലെന്നും ഉണ്ണികുളം ഗ്രാമപഞ്ചായത്തിന്റെ 06.10.2018-ലെ 1/1 നമ്പർ തീരുമാനപ്രകാരം ടിയാനെ ടി ഓഫീസിൽ പുനർ നിയമിച്ചാൽ വീണ്ടും അനഭിലഷണീയമായ സംഭവങ്ങൾ ഉണ്ടാകാനിടയുണ്ട് എന്നതിനാലാണ് ടിയാനെ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിലേയ്ക്ക് മാറ്റി നിയമിക്കണമെന്ന് തീരുമാനിച്ചിരുന്നത് എന്നും സസ്പെൻഷൻ ഉത്തരവിലും പ്രസിഡന്റിന്റെ റിപ്പോർട്ടിലും, പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങളിലും ടിയാനെതിരെ ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളതിനാലും ഈ തീരുമാനങ്ങൾ എല്ലാം തന്നെ ഐകകണ്ഠേനയാണ് എടുത്തിട്ടുള്ളത് എന്നതിനാലും കൂടാതെ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ 16-ആം വാർഡ് മെമ്പർ ശ്രീ.തോളത്ത് മുഹമ്മദിനോട് ശ്രീ.ഫിറോസ് ബാബു 24.4.2018-ന് ഫ്രണ്ട് ഓഫീസിൽ വെച്ച് അപമര്യാദയായി പെരുമാറിയത് സംബന്ധിച്ച് ഭരണസമിതി വിശദമായി ചർച്ച ചെയ്യുകയും ഇതിന് മുൻപും , പഞ്ചായത്തിലെ പല വാർഡ് മെമ്പർമാരോടും മോശമായി പെരുമാറിയിട്ടുള്ളതും, പല തവണ താക്കീത് ചെയ്തിട്ടും നിലപാടിലും പെരുമാറ്റത്തിലും മാറ്റം വരുത്താൻ തയ്യാറാകാത്ത ശ്രീ. ഫിറോസ് ബാബുവിനെ ടി ഓഫീസിൽ നിന്നും സ്ഥലം മാറ്റുന്നതിനായി 26.4.2018-ലെ അജണ്ട 1 തീരുമാനം 2 പ്രകാരം ഭരണസമിതി തീരുമാനിച്ചിരുന്നു എന്നും പഞ്ചായത്ത് പ്രസിഡന്റിനോട് അപമര്യാദയായി പെരുമാറിയതും, പ്രസിഡന്റിനെ പരസ്യമായി മർദിക്കാൻ തുനിഞ്ഞത് അടക്കമുള്ള ഗുരുതരമായ വീഴ്ചകൾ ആവർത്തിക്കാതിരിക്കാനുമായിട്ടാണ് 1997-ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ റൂൾ 10 പ്രകാരം ടിയാൻ അർഹിക്കുന്ന തരത്തിലുള്ള അച്ചടക്ക നടപടി കൈക്കൊള്ളുന്നതിന്, കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് അഭ്യർത്ഥിച്ചിട്ടുള്ളത് എന്ന വിവരം അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവ് ഖണ്ഡിക 2 ൽ വിവരിക്കുന്നുണ്ട്. കുറ്റാരോപിതന് തന്റെ വാദങ്ങൾ ഉന്നയിക്കുന്നതിന് ന്യായമായ അവസരം നൽകുകയും ബന്ധപ്പെട്ട ഫയൽ പരിശോധിക്കുന്നതിനും കുറ്റാരോപണ മെമ്മോയിലെ ആരോപണങ്ങൾക്ക് എതിർവാദങ്ങൾ ഉന്നയിക്കുന്നതിന് ന്യായമായ എല്ലാ അവസരങ്ങളും നല്കിയിട്ടുള്ളതുമാണ് എന്നും ആയതിനാൽ തന്നെ ഏകപക്ഷീയമായാണ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചതെന്ന വാദം അടിസ്ഥാനരഹിതമാണെന്നും പ്രസ്തുത സാഹചര്യത്തിൽ ഉണ്ണികുളം

ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ. ഫിറോസ് ബാബു സമർപ്പിച്ച രണ്ടാം അപ്പീൽ അപേക്ഷ നിരസിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച വിശദമായ റിപ്പോർട്ടിൽ കുറ്റാരോപിതനെതിരെയുള്ള ആരോപണങ്ങളെല്ലാം നിലനിൽക്കുന്നതാണ് എന്നും അച്ചടക്ക നടപടികളെ സംബന്ധിച്ച നടപടിക്രമങ്ങളെല്ലാം പാലിച്ചാണ് ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളത് എന്ന് കാണുന്നതിനാലും ഉണ്ണികുളം ഗ്രാമപഞ്ചായത്ത് മുൻ ക്ലാർക്ക് ശ്രീ.ഫിറോസ് ബാബുവിന്റെ ഭാഗത്ത് നിന്നുണ്ടായ അച്ചടക്കരാഹിത്യത്തിന് ടിയാന്റെ മേൽ ചുമത്തിയ ശിക്ഷ തികച്ചും ന്യായമാണ് എന്ന് വിലയിരുത്തി ശ്രീ. ഫിറോസ് ബാബു സമർപ്പിച്ച രണ്ടാം അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ.ഫിറോസ് ബാബു ടി.കെ. മുൻ ക്ലാർക്ക്, ഉണ്ണികുളം ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/104/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 07-03-2022 15:47:12
സെക്ഷൻ ഓഫീസർ